# ജാലകം

# *Magazine*



സെന്റ് തോമസ് എച്ച് . എസ് . എസ്

അംബൂരി .

# പഴഞ്ചൊല്ലുകൾ.



*ഇല ചെന്നു  മുള്ളില് വീണാലും മുള്ള് ചെന്ന് വീണാലും  കേട് ഇലയ്ക്കാണ് .

*ഇരുന്നിട്ട് വേണം കാല് നീട്ടാന് .

*ഉപ്പിനോളം വരുമോ ഉപ്പിലിട്ടത്.

*ഉപ്പ് തിന്നവന് വെള്ളം കുടിക്കും.

*എരി തീയില് എണ്ണ ഒഴിക്കുക.

*ഒത്തു പിടിച്ചാല് മലയും പോരും.

* വിത്തു ഗുണം പത്ത് ഗുണം.

* അനുഭവം  ഗുരു

*ആനയ്ക്ക് പന ചക്കര .



*************************************

BY

AYARIN LIJO

# സിംഹവും എലിയും.

ഒരിടത്തൊരിടത്ത് ഒരു കാട്ടിൽ ഒരു സിംഹരാജാവുണ്ടായിരുന്നു. കാട്ടിലെ

രാജാവായിരുന്ന ഈ സിംഹം വളരെനന്മയുള്ള ആളായിരുന്നു. അതുകൊണ്ടു തന്നെ കാട്ടിലെ മൃഗങ്ങളെല്ലാം സിംഹത്തിനെ വളരെ ബഹുമാനിച്ചു. അങ്ങനെ യിരിക്കെ ഒരു ദിവസം കിട്ടു എന്ന എലി ഉറങ്ങിക്കിടന്ന സിംഹത്തിനെ ശല്യപ്പെടുത്തി. അപ്പോൾ കിട്ടുവിനെ സിംഹം കൈയ്യിലുള്ളിലാക്കി. അപ്പോൾ കിട്ടു കരഞ്ഞു പറഞ്ഞു രക്ഷിക്കണേ എന്ന്. അപ്പോൾ ദയാലുവായ സിംഹം കിട്ടുവിനെ വെറുതെ വിട്ടു.അങ്ങനെയിരിക്കെ ഒരു ദിവസം വേട്ടകാർ സിംഹത്തിനെവലയിലുള്ളിലാക്കി.ഇത് കണ്ട കിട്ടു സിംഹത്തിനെ രക്ഷിക്കാനായി വല കടിച്ചുമുറിച്ചു രക്ഷിച്ചു .അങ്ങനെ സിംഹവും കിട്ടുവെലിയും സുഹൃത്തുക്കളായി.

************************

by **BHADRA AS**

## മഴ അനുഗ്രഹിതമാണ് ............

## ( കവിത)



*പ്രപഞ്ചമാകെ തണുത്ത് കുളിർപ്പിച്ച്*
*ഇടിമിന്നലിന്റെ ശക്തിയോടെ നീണ്ട*
*വാനം താണ്ടി ഭൂമിയിലേയ്ക്ക് ആഴ്ന്ന്*
*വീഴുന്ന ചെറുതുള്ളികളെ....*

*മണിമുത്തുകൾ പോലെ*
*ദൈവത്തിന്റെ അനുഗ്രഹിതമാണ്*
*കരങ്ങൾ സ്പർഷിച്ച ചെറുതുള്ളികളാകുന്നു നീ.....*

*ആ ചെറുതുള്ളി കടന്നുവരുന്ന്*
*മനുഷ്യഹൃദയത്തിലേയ്ക്കാണ്*
*ഹൃദയം ഒരു കുളിർമയോടെ*
*അതിനെ സ്വീകരിക്കുന്നു.*

*മനുഷ്യമനസ്സിൽ തെളിദീപം*
*പോലെ കത്തിജ്വലിച്ച്*
*വരുന്ന മഴയെ നിന്നെ*
*വന്ദിക്കുന്നു ഞാൻ!!!!!!*

***BY BHADRA AS***

# പൊതുവിജ്ഞാനം.

സ്വന്തം ശരീരം മുഴുവനായി തിന്നുതീർക്കുന്ന ജീവി

ചേര

- 2 മൈൽ വരെ കേൾക്കാൻ പറ്റുന്ന ഹൃദയം മിടിപ്പുള്ള സസ്തിനി

  തിമിംഗലം

- ലോകത്തിലെ ഏറ്റവും കൂടുതൽ ആളുകൾ കഴിക്കുന്ന ഭക്ഷണം

  അരി

- വേനൽക്കാലത്തു 6 ഇഞ്ചോളം വളരുന്ന ടവർ

  ഇഫാൻ

- ഏറ്റവും വലിയ പിരമിഡുള്ള രാജ്യം

  മെക്സികോ

- 1800 കളിലെ കാലാവസഥ പ്രവചനത്തിന് ഉപയോഗിച്ചിരുന്നത്

  അട്ട

- തുമ്മൽ മണിക്കൂറിൽ എത്ര വേഗത്തിൽ

  100 മൈൽ

- മറ്റു പാമ്പുകളെ പ്രധാനമായും ഭക്ഷണമാക്കുന്ന പാമ്പ്

  രാജവെമ്പാല

- കരയിലെ ഏറ്റവും നീളമുള്ള കുലുള്ള ജീവി

  ജിറാഫ്

- ഒറ്റക്കാലിൽ ഉറങ്ങുന്ന പക്ഷി

  ഫ്ളമിംഗോ

- വയറിൽ  എത്തിപ്പെട്ടാൽ ദഹിക്കാത്ത ഭക്ഷണം

  ച്യൂയിങ്ങ്ഗം

- വിയർക്കാത്ത ഒരു മൃഗം

  പന്നി

By : Abhirami

# കടംകഥ

1.പുറത്ത് മുള്ള് വേലി അകത്ത് വേള്ളിലക്കാട് അതിനുള്ളിൽ സ്വർണ്ണ കിളി . സ്വർണ്ണകിളിയുടെ വയറ്റിൽ രക്തനക്കല്ല് ?

ചക്ക

2.മുറ്റത്തെ ചെപ്പിന് അടപ്പില്ല ?

കിണർ

3.കാട്ടിൽ ഒരു തുള്ളി ചോര ?

മഞ്ചാടി

4.ആയിരം മക്കൾക്ക് ഒരു അരഞ്ഞാണം?

ചൂൽ

5.അമ്മയെ കുത്തി മോൾ മരിച്ചു ?

തീപ്പട്ടികൊൽ

6.മാനത്ത് എത്തുന്ന തോട്ട ?

കണ്ണ്

7.പുറത്ത് ഇറച്ചി അകത്ത് രോമം ?

മൂക്ക്

8.ഞെട്ടില്ല വട്ടയില്ല ?

പപ്പടം

by Dona Baiju

# പൊതുവിജ്ഞാനം

**1.ഇന്ത്യയൻ ജ്യോതിശാസ്ത്രത്തിന്റെ പിതാവ് ആര്?**
**ആര്യഭട്ടൻ**
**2.ദേശീയ ടെലിഫോൺ ദിനമായി ആചരിക്കുന്നതെന്ന് ?**
**ഏപ്രിൽ 25**
**3.ഇന്ത്യ വികസിപ്പിച്ചെടുത്ത ജി.പി.എസ് സംവിധാനം ഏത് ?**
**നാവിക്**
**4.ഗംഗ നദിയെ ഇന്ത്യയുടെ ദേശീയ നദിയായി പ്രഖ്യാപിച്ചത് ഏത് വർഷം ?**
**2008**
**5.ചൈന ആദ്യമായി വിക്ഷേപിച്ച ബഹിരാകാശ വാഹനം?**
**ഷെൻസോയു 1**
**6.ആദ്യ ചൈനീസ് ബഹിരാകാശ സഞ്ചാരി ആര് ?**
**യാങ്ങ് ലിവെ**
**7.ഓസ്കാർ ലഭിച്ച ആദ്യ വനിത ആര് ?**
**ഭാനു അത്തയ്യ**
**8.ബുക്കർ സമ്മാനം നേടിയ ആദ്യ വനിത ?**
**അരുന്ധതി റോയി**
**9.മലയാള സിനിമയുടെ പിതാവ് എന്നറിയപ്പെടുന്നതാര് ?**
**ജെ.സി.ദാനിയേൽ**
**10.ലോകത്തിലെ ഏറ്റവും വലിയ എയർ ഫോഴ്സ് ഏത് ?**
**യു.എസ്.എയർഫോഴ്സ്**

By Derin Thomas 9c

# എന്റെ കേരളം

സഹ്യ സാന്ദ്ര ശ്രുതി ചേർത്തു വച്ച
മണി വീണയാണെന്റെ കേരളം
മഞ്ഞുകമ്പളം പുതയ്ക്കുന്ന
മലനാടാണെന്റെ കേരളം
പ്രകൃതി രമണീയം ഉളവാകുന്ന
ജന്മനാടാണെന്റെ കേരളം
മലയാള സ്വര ഗാനമാകുന്ന
കേരങ്ങളുടെ നാടാണെന്റെ കേരളം
കേരളം.........കേരളം........

by sona raj

# പഴഞ്ചൊല്ലുകൾ

1. അത്തം പത്തിന് തിരുവോണം.

2. കതിരിന്മേൽ വളം വയ്ക്കുക.

3. കുന്തം പോയാൽ കുടത്തിലും തപ്പണം.

4. കുംഭത്തിൽ പെയ്താൽ കുപ്പയിലും മാണിക്കം.

5. കിട്ടാത്ത മുന്തിരി പുളിക്കും.

By alfina

# കടംകഥകൾ

1.വെട്ടും തോറും വളരും ഞാൻ?

തലമുടി

2.വെള്ളിക്കിണ്ണത്തിൽ ഞാവൽപ്പഴം?

കണ്ണ്

3.വേലിപ്പൊത്തിലിരിക്കും രത്നം?

മിന്നാമിനുങ്ങ്

4.വട്ടി എടുത്താൽ കാള ഓടും?

വഞ്ചി

5.മുള്ളിനുള്ളിലെ സുന്ദരിക്കുട്ടി?

റോസാപുഷ്പം

by
sona raj

# ഒരു മാന്ത്രിക വനം

ഒരു ദിവസം അന്ന എന്ന കുട്ടി പക്ഷി ഗവേഷണത്തിനായി ഒരു വനത്തിലെത്തി.അവിടെ ധാരാളം പക്ഷികളും,മൃഗങ്ങളും,പുഷ്പങ്ങളും,സസ്യങ്ങളും, വൃക്ഷങ്ങളുമുണ്ടായിരുന്നു.അവിടെ ഒരു വിചിത്രമായ കല്പവൃക്ഷമുണ്ടായിരുന്നു.ആ മരത്തിനൊരു പ്രത്യേകതയുണ്ട്.ആരെങ്കിലും ആ മരത്തിനോട് തന്റെ ആഗ്രഹം പറഞ്ഞാൽ ആ ആഗ്രഹം സഫലമാകും.അവളുടെ വീട്ടിലെ ദാരിദ്ര്യം മാറണമെന്നാണ് അന്ന ആഗ്രഹിച്ചത്.കുറച്ച് ദിവസം കഴിഞ്ഞപ്പോൾ അന്ന തിരിച്ച് വീട്ടിലേക്ക് പോയി.അവളുടെ വീട് കൊട്ടാരമായി മാറി.അന്നയുടെ വീട്ടിലെ ദാരിദ്ര്യം മാറി സന്തോഷം കൊണ്ട് നിറഞ്ഞു.

by ALFINA

# അന്തരീക്ഷത്തിലെ താപനില ഭൂമിയെ ആക്രമിച്ചിരിക്കുന്നു



# കവിത

## തേൻ കുരുവി

ചെല്ലക്കുരുവീ............. തേൻകുരുവീ.............
എന്നുടെ കൂടെ പോരുന്നോ
കൂടുണ്ടാക്കാൻ ചകിരിതരാം
വള്ളിത്തരാം ഞാൻ കമ്പുതരാം
കൂട്ടിലരുന്നു കഴിക്കാനായ്
പാത്രം നിറെയ തേനുംതരാം
ചെല്ലക്കുരുവീ തേൻ കുരുവീഎന്നുടെ കൂടെ
പോരുന്നോ



BY DURGA


# *Important quotes(KUNJUNNIMASH)*



*'വലിയൊരു ലോകം*
*മുഴുവൻ നന്നാവാൻ*
*ചെറിയൊരു സൂത്രം*
*ചെവിയിലോതാം ഞാൻ*
*സ്വയം നന്നാവുക*

***'തിളമില്ലാത്ത പകലാണ്***
***രാത്രിയെന്ന് കരുതി***
***കണ്ണടയ്ക്കരുത്'' 'അടുത്തറിഞ്ഞതന്നെറിഞ്ഞത്***
***ഇനയുമടുത്തറിയാത്ത ഇരുട്ടിന്റെ നിഴൽ മാത്രം'***

***BY DURGA***




.save earth

**No tree no man**

***Dont kill tree***

***Dont kill our mother earth save trees and plants ............ .........***

*PLANT A TREE TODAY*



# കാക്ക......

ഒരിടത്തുഒരിടത്തു ഒരു കാക്കയുണ്ടയിരുന്നു. അന്ന് ഒരു വേനൽ കാലമായിരുന്നു. കാക്കയ്ക്ക് നല്ല ദാഹം ഉണ്ടായിരുന്നു.കാക്കയക്ക് അങ്ങനെ കാക്ക അങ്ങോട്ടും ഇങ്ങോട്ടും വെള്ളം അന്വേഷിച്ച് പറക്കുകയായിരുന്നു. അങ്ങെനെയിരിക്കെ അവിടെ ഒരു കുടം കണ്ടു .അതിൽ ഇത്തിരി വെള്ളം ഉണ്ടായിരുന്നു. കാക്ക ഒന്നാലോചിച്ചു, എന്നിട്ട് കുറച്ച് കല്ല് എടുത്തിട്ടു. അപ്പോൾ വെള്ളം പൊങ്ങി വന്നു . കാക്ക സന്തോഷത്തോടെ വെള്ളം കുടിച്ചു.



## ഒരു പാട്ട് പിന്നെയും

***ഒരു പാട്ട് പിന്നെയും പാടി നോക്കുന്നിതാ***

***ചിറകൊടിഞ്ഞുള്ളൊരി കാട്ടുപക്ഷി.***

***ഒരു പാട്ട് പിന്നെയും പാടി നോക്കുന്നിതാ***

***ചിറകൊടിഞ്ഞുള്ളൊരി കാട്ടുപക്ഷി.***

***നോവുമെന്നോറത്തോ നോവുമെന്നോറത്തോ***

***പതുക്കയനങ്ങതെ പാവം പണിപെട്ടു പാടിടുന്നു..***

*SAVE EARTH SAVE ENVIRONMENT*
*SAVE LIFE.... BY SNEHA B.L*



# ഭൂമിയൊരു സ്വർഗ്ഗം

*താരാജാലങ്ങളുടെ പ്രഭചൊരിയും വാനവും*
*വന്മയുടെ പ്രഭചെിയും മന്നും*
*ളുനിലാവെളിയും ചന്ദ്രനും*
*കലപിലാശബ്ദമുണർത്തും കിളികളും*

*ആഹ്ളാദചിറകുവിരിക്കും പൂക്കളും*
*അതിൽ ചുറ്റിപറക്കും ഷ്പദങ്ങളും*
*കൂടിചേർന്നതാണെന്നാറെ ഭ്രമി*

*ഒരു ചെറുനേലും മറക്കും*
*ഐശ്വര്യത്തെ വരവേൽക്കും*
*അറവിൽ പ്രകാശം പരത്തും ലോകത്തിൽ*
*പരസ്പരം താങ്ങായി തണലായി ജീവിക്കട്ടെ മനുഷ്യനും*



*DURGA*

...............

